भारतीय रिज़र्व बैंक
RESERVE BANK OF INDIA
www.rbi.org.in

RBI/2019-20/224
FIDD.CO.FSD.BC.No.24/05.02.001/2019-20 ഏപ്രിൽ 21, 2020

എല്ലാ പൊതുമേഖല/സ്വകാര്യമേഖല ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളുടെ ചെയർമാൻ/മാനേജിംഗ് ഡയറക്ടർ, സി.ഇ.ഒ. എന്നിവർക്കായി

മാഡം/ പ്രിയപ്പെട്ടസർ,

**2018-19 ലും, 2019-20 ലുമുള്ള ഹ്രസ്വകാല വിളവായ്പകൾക്കുമുള്ള പലിശാനുകൂല്യവും (Interest Subvention-IS) കൃത്യമായ തിരിച്ചടവിനുള്ള പ്രോത്സാഹനവും (Prompt Repayment Incentive-PRI)- കോവിഡ്-19 മൂലം കാലാവധി ദീർഘിപ്പിക്കൽ**

2018-19, 2019-20 എന്നീ വർഷങ്ങളിലെ ഹ്രസ്വകാല വിളവായ്പകൾക്കുള്ള പലിശാനുകൂല്യത്തെ സംബന്ധിച്ചുള്ള 2019 മാർച്ച് 7-ലെ FIDD.CO.FSD.BC.No.15/05.02.001/2018-2019 നമ്പർ സർക്കുലർ പരിശോധിച്ചാലും.

2. കോവിഡ്-19 എന്ന മഹാമാരി പൊട്ടിപുറപ്പെട്ടതിനാലുണ്ടായ രാജ്യമാകെ യുള്ള ലോക്ക്ഡൗണും തൽഫലമായി ജനങ്ങളുടെ സഞ്ചാരത്തിനുണ്ടായ നിയന്ത്രണങ്ങളും കാരണം, പല കർഷകർക്കും അവരുടെ ഹ്രസ്വകാല വിളവായ്പാതിരിച്ചടവു തുകകൾ അടയ്ക്കാൻ ബാങ്കുശാഖകളിലേക്ക് യാത്ര ചെയ്യാൻ സാധിക്കുന്നില്ല. 2020 മാർച്ച് 27-ലെ ആർബിഐ യുടെ കോവിഡ്-19 നിയന്ത്രണപാക്കേജുപ്രകാരം, 2020 മാർച്ച് 1-നും, 2020 മെയ് 31-നും മദ്ധ്യേ അടയ്ക്കേണ്ടതായ ഇൻസ്റ്റാൾമെന്റുകൾക്ക് മൂന്നുമാസത്തെ മൊറട്ടോറിയം അനുവദിച്ചി രുന്നു.

3. മേൽപ്രകാരം, കർഷകർ പിഴപ്പലിശ നൽകേണ്ടിവരുന്നില്ല എന്നും, അവർക്ക് പലിശാനുകൂല്യപദ്ധതിയുടെ ഗുണഫലങ്ങൾ കിട്ടുന്നു

വെന്നും ഉറപ്പുവരുത്താനായി 2020 മാർച്ച് 01-നും 2020 മേയ് 31-നും മദ്ധ്യേ അടച്ചുതീർക്കേണ്ടതായ ഒരാൾക്ക് 3 ലക്ഷം രൂപ വരെയുള്ള ഹ്രസ്വകാല വിളവായ്പകൾക്ക് തിരിച്ചടവ് ദീർഘിപ്പിച്ച കാലാവധിയായ 31-05-2020 വരെയോ, തിരിച്ചടയ്ക്കുന്ന തീയതി വരെയോ, ഏതാണ് ആദ്യം അന്നുവരെ, 2% ഐഎസും 3% പി.ആർ.ഐയും തുടർന്നും ലഭ്യമാക്കുമെന്ന് ഗവൺമെന്റു തീരുമാനിച്ചിട്ടുണ്ട്.

4. ആയതിനാൽ, 2020 മാർച്ച് 1-നും, 2020 മേയ് 31-നും മദ്ധ്യേ അടച്ചുതീർക്കേണ്ട തായി വരുന്ന, 3 ലക്ഷം രൂപവരെയുള്ള കർഷകരുടെ ഹ്രസ്വകാല വിള വായ്പകൾക്ക് 2% ഐഎസ്സിന്റേയും 3% പി.ആർ.ഐയുടെയും ആനുകൂല്യം നൽകണമെന്ന് ബാങ്കുകളെ അറിയിക്കുന്നു.

5. മറ്റെല്ലാ വ്യവസ്ഥകളും ചട്ടങ്ങളും, മാറ്റമില്ലാതെ തുടരുന്നു.

വിശ്വാസപൂർവ്വം

(സൊനാലി സെൻ ഗുപ്ത)
ചീഫ് ജനറൽ മാനേജർ